(സി) ഇത്തരത്തിൽ തീരുമാനം ഒന്നും എടുത്തിട്ടില്ല. എന്നാൽ ഈ ശില്പശാലയോടനുബന്ധിച്ച് പുറപ്പെടുവിച്ച കൊച്ചിൻ ഡിക്ലറേഷൻ എന്ന രൂപ രേഖയിൽ ഭാരതത്തിലെ എല്ലാവർക്കും കുടിവെള്ളം എത്തിക്കുവാൻ ആവശ്യം വേണ്ടിവരുന്ന വൻപിച്ച മുതൽമുടക്ക് കണക്കിലെടുത്ത് സർക്കാരിന്റെ ശ്രമങ്ങളെ സഹായിക്കുന്നതിനായി സ്വകാര്യസ്ഥാപനങ്ങളെ കൂടി അനുവദിക്കുവാൻ വഴി ഒരുക്കുന്ന നടപടികളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

(ഡി&ഇ) ശിൽപശാല സംഘടിപ്പിച്ചതിന്റെ ചെലവ് ലോക ബാങ്ക് ആണ് വഹിച്ചത്.

ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെ ടെൻഡർ അനുവദിക്കുന്നതുമൂലം ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കാൻ നടപടി

138 (2584) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചനവകുപ്പിൽ ടെന്റർ നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാതെയും ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തും ടെന്റർ അനുവദിക്കുന്നതുമൂലം പൊതുഖജനാവിന് വൻ നഷ്ടം വരുത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ സർക്കാർ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; ഇതിന് ഉത്തരവാദികൾ ആരെല്ലാമാണ് ;

(സി) മണ്ണിട്ടാംപാറ, ഒരുമനയൂർ, മാംപാറ, ചീരക്കുഴി, വാഴപറ്റ, തണ്ണീർമുക്കം ഒന്നാംഘട്ടം, രണ്ടാം ഘട്ടം എന്നിവിടങ്ങളിലെ ഷട്ടർ നന്നാക്കൽ, പുന:നിർമ്മാണ പണികൾ എന്നിവയ്ക്ക് ടെന്റർ വിളിച്ചിരുന്നോ ; എങ്കിൽ ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്രയായിരുന്നു ; കുറഞ്ഞ കരാർ തുക എത്രയായിരുന്നു ; കുറഞ്ഞ കരാർകാരനാണോ വർക്ക് ഓർഡർ നൽകിയത് ; അല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ; വർക്ക് ഓർഡർ എന്നു നൽകി ; പ്രസ്തുത ജോലികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ;

(ഡി) സ്റ്റോർ പർച്ചേസ് നിയമങ്ങൾ തെറ്റായി വ്യാഖ്യാനിച്ച ചില കമ്പനികൾക്ക് ഷട്ടർ നിർമ്മാണം, റിപ്പയർ വർക്കുകൾ മുതലായവയിൽ ഇളവുകൾ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഇ) കുളത്തൂപ്പുഴയിലെ ലൈഫ് ആന്റ് ലെയിത്ത് വർക്ക് ഷോപ്പു ടെന്റർ സമർപ്പിച്ചിരുന്നോ ; എങ്കിൽ ടെന്റർ അനുവദിച്ചു നൽകിയോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; ബഹു.കേരളാ ഹൈക്കോടതി ഇടപ്പെട്ട് ടെൻഡർ നൽകിയോ ; ഇല്ലെങ്കിൽ ടെൻഡർ ആർക്ക് നൽകിയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) മണ്ണിട്ടാംപാറ - ദർഘാസുകൾ ക്ഷണിച്ചിരുന്നു. എസ്റ്റിമേറ്റ് തുക-രൂപ. 5,54,856 കുറഞ്ഞ കരാർ തുക-രൂപ. 5,77,050ഏറ്റവും കുറഞ്ഞ തുക കാട്ടു ചെയ്ത കരാറുകാരന് 14-2-2000 ന് വർക്ക് ഓർഡർ നൽകി.

ഒരുമനയൂർ - ദർഘാസുകൾ ക്ഷണിച്ചു കഴിഞ്ഞു. ടെന്ററുകളുടെ സൂക്ഷ്മ പരിശോധന പുരോഗമിക്കുന്നു. എസ്റ്റിമേറ്റ് തുക രൂപ-9,56,222

മാംപാറ - ദർഘാസുകൾ ക്ഷണിച്ചിട്ടില്ല.

ചീരക്കുഴി - ദർഘാസുകളുടെ സൂക്ഷ്മ പരിശോധന പുരോഗമിക്കുന്നു. എസ്റ്റിമേറ്റ് തുക - രൂപ 19,13,746

വാഴപ്പറ്റ - ദർഘാസുകൾ ക്ഷണിച്ചു കഴിഞ്ഞു അവ തുറന്നിട്ടില്ല.

തണ്ണീർമുക്കം - ഒന്നാം ഘട്ടം - എസ്റ്റിമേറ്റ് തുക-1,81,16,372 കുറഞ്ഞ കരാർ തുക ആയ രൂപ. 2,16,49,065 ന് കരാർ ഉറപ്പിച്ചു. ജോലികൾ മുഴുവൻ പൂർത്തിയാക്കിയിട്ടുണ്ട്.

തണ്ണീർമുക്കം - രണ്ടാം ഘട്ടം - എസ്റ്റിമേറ്റ് തുക രൂപ-1,50,18,044 ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്. പരിശോധന പുരോഗമിക്കുന്നു.

(ഡി) ഇല്ല.

(ഇ) കുളത്തൂപ്പുഴയിലെ ലൈഫ് ആന്റ് ലെയ്ത്ത് വർക്ക് ഷോപ്പ് ടെന്റർ സമർപ്പിച്ചതായി കാണുന്നില്ല.

കോട്ടയം ഇറിഗേഷൻ ഡിവിഷനിലെ ചെലവ്

139 (2588) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോട്ടയം ഇറിഗേഷൻ ഡിവിഷനിൽ 1998-1999, 1999-2000 എന്നീ വർഷങ്ങളിൽ ശമ്പളമിനത്തിലും ആഫീസ് ഇനത്തിലും എന്തു തുക ചെലവായി എന്ന് വിശദീകരിക്കുമോ ?

ഉത്തരം

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വർഷം:	ശമ്പളമിനത്തിൽ ചെലവായ തുക	ആഫീസ് ഇനത്തിൽ ചെലവായ തുക
	(രൂപ)	(രൂപ)
1998-99	58,22,856	64,270
1999-2000	71,91,677	28,483

LIBRARY ARCHIVES Kerala Legislative Assembly